17

# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7625 23-07-2012-ൽ മറുപടിനൽകേണ്ടിയിരുന്നത്

## ആശ്രിത നിയമനം

| ചോദ്യം<br><br>ശ്രീ. റ്റി.വി.രാജേഷ് | ഉത്തരം<br><br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ)സംസ്ഥാനത്ത് ആശ്രിതനിയമനവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ നിലവിലുണ്ട് ; | (എ) സർക്കാരിന്റെ ആശ്രിതനിയമന സെല്ലിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കണക്ക് പ്രകാരം വിവിധ വകുപ്പുകളിലായി 549 അപേക്ഷകർക്ക് നിയമനം നൽകാനുണ്ടായിരുന്നു. 17-7-2013 പൊതുഭരണ (സി.ഇ സെൽ) വകുപ്പിൽ ലഭിച്ചതും, അതാത് വകുപ്പ് തലവൻമാരിൽ നിന്നും ലഭിച്ചതുമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ മുഴുവൻ അപേക്ഷകർക്കും G.O (M.S ) 174/12/GAD തിയതി, 6-7-12 G.O (M.S) 249/13/GAD തിയതി, 2-9-13 എന്നീ ഉത്തരവുകൾ പ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് അതാത് വകുപ്പുകളിൽത്തന്നെ അവർക്ക് നിയമനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഈ അപേക്ഷകളിലെ നിയമനങ്ങളുടെ കാലതാമസം ഇല്ലാതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ? | (ബി) ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ചതിന് ശേഷം സർക്കാർ ഉത്തരവ് ആയിട്ടും മാതൃവകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ സംസ്ഥാനത്തെ വിവിധ തസ്തികകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി സർക്കാരിന്റെ ആശ്രിതനിയമനസെല്ലിൽ രജിസ്റ്റർ ചെയ്ത് വർഷങ്ങളോളം കാത്തിരുന്നിട്ടും നിയമനം ലഭിക്കാത്ത അവസ്ഥ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, അത്തരക്കാരുടെ നിയമനം ത്വരിതപ്പെടുത്താനായി 549 സൂപ്പർന്യൂമററി തസ്തികകൾ അധികമായി സൃഷ്ടിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന് ശേഷം 17-7-2013 വരെ പൊതുഭരണ (സി.ഇ സെൽ ) വകുപ്പിൽ ലഭിച്ച മുഴുവൻ അപേക്ഷകളും ഉൾപ്പെടുത്തി അധിക സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് അതാതു വകുപ്പുകളിൽ നിയമനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ